# സചേലകളുടെ സംഗീതം

## എം. കൃഷ്ണകുമാർ

'ശക്തിയുടെ കവി', 'പരുക്കൻ ശൈലിയുടെ കവി' എന്നൊക്കെ ഇടശ്ശേരി ഗോവിന്ദൻനായരെ ചിലർ വാഴ്ത്തിക്കേട്ടിട്ടുണ്ട്. ഒരു മനുഷ്യന്റെ പല ഭാവങ്ങളിൽ ചിലതിനുമാത്രം മുൻതൂക്കം കൊടുക്കുന്നവരുടെ അഭിപ്രായപ്രകടനം മാത്രമാണിത്. 'നീറുന്ന സാമൂഹ്യപ്രശ്നങ്ങൾ' നിരവധി കവിതകളുടെ പ്രമേയങ്ങളായിട്ടുണ്ടെങ്കിലും, പ്രപഞ്ചവും മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും, ഈശ്വരസങ്കൽപ്പത്തിന്റെ അനിവാര്യതയെപ്പറ്റിയും ആലോചിച്ചു രസിക്കുകയും, ചിന്താകുലമാവുകയും ചെയ്യുന്ന ഒരു മനസ്സും ഇടശ്ശേരിക്കുണ്ടായിരുന്നു. 'ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എക്കാലവും അലട്ടിക്കൊണ്ടിരുന്ന വിശപ്പിനേയും, സ്നേഹശൂന്യതയേയും പ്രതിപാദിക്കേണ്ടിവരുമ്പോൾ ആസ്തികസാധാരണമായ വിനയവും, തത്ത്വശാസ്ത്രങ്ങളുടെ നേർക്കു വേണ്ട ബഹുമാനവും എന്നെ വിട്ടുപിരിയാറുണ്ട്' എന്ന് 'കവിത എന്റെ ജീവിതത്തിൽ' (വിശാലകേരളം) എന്ന ലേഖനത്തിൽ കവി തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഈ ഈശ്വരവിശ്വാസത്തിനുമുണ്ട് ഒരു പ്രത്യേകത. 'അർത്ഥപുത്രകളത്രാദി'കളിൽ ഭ്രമിക്കുന്ന മനുഷ്യന് 'മോക്ഷം' അപ്രാപ്യമാണെന്നാണ് തത്ത്വജ്ഞാനസൂത്രങ്ങളും പുരാണകഥകളും നമ്മെ പഠിപ്പിക്കുന്നത്. ദേഹാഭിമാനമില്ലാതെ, 'അഹം' ബോധമില്ലാതെ പരമാത്മാവിനെ ഏകാഗ്രമായി ധ്യാനിക്കുന്ന ജീവാത്മാവിനു മാത്രമെ മോക്ഷം അഥവാ സായൂജ്യം ലഭിക്കൂ എന്ന് ഈ 'ധർമ്മശാസ്ത്രക്കുറിമാനങ്ങൾ' ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. ചോദ്യം ചെയ്യാനാവാത്ത വിധത്തിൽ വാദമുഖങ്ങൾ ഉയർത്തി ശ്രീശങ്കരനുൾപ്പെടെയുള്ള അദ്വൈതികൾ ഐഹികജീവിതത്തിന്റെ ക്ഷണികതയെപ്പറ്റിയും 'മോക്ഷം' എന്ന അവസാന ലക്ഷ്യത്തിന്റെ പരമാനന്ദത്തെപ്പറ്റിയും പുകഴ്ത്തിപ്പാടുന്നു. മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം ജീവാത്മപരമാത്മാക്കളുടെ ഐക്യമാണെന്നും അതിന്നായി മനുഷ്യൻ നിസ്സംഗനായി, ജിതേന്ദ്രിയനായി ഐഹികജീവിതത്തിലെ സുഖദുഃഖങ്ങളിൽ നിന്നതീതനായി 'അമാനുഷികത്വം' നേടുകയാണു വേണ്ടതെന്നുമാണ് ഈ സത്യാന്വേഷികൾ ആവർത്തിച്ചു പ്രസ്താവിക്കുന്നത്. മാത്രമല്ല, മർത്ത്യൻ അമർത്ത്യനാവുന്നത് ഹൃദയത്തിന്റെ ഏറ്റവും ഉറപ്പുള്ള കെട്ടുകളായ 'ഞാനെ'ന്നും 'എന്റെ'യെന്നുമുള്ള ഭാവങ്ങൾ സമൂലം നശിച്ചുപോകുമ്പോൾ മാത്രമാണെന്നും ഇത്രമാത്രമാണ് എല്ലാ വേദാന്തങ്ങളുടെയും ഉപദേശസാരമെന്നും ഉപനിഷദ്സൂക്തങ്ങൾ ഉദ്ഘോഷിക്കുന്നുമുണ്ട്. ഇടശ്ശേരിയാകട്ടെ, ഈ ധർമ്മശാസ്ത്രകുറിമാനങ്ങൾ തെല്ലിട നിർത്താനാണ് മഹർഷിമാരോട് അപേക്ഷിക്കുന്നത്. മാത്രമല്ല, 'പ്രപഞ്ചധർമ്മം മറ്റൊന്നാക്കുവിൻ' എന്ന് ഈശ്വരന്മാരോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

'പ്രപഞ്ചധർമ്മം മറ്റൊന്നാക്കുവിൻ ഈശ്വരന്മാരേ'എന്ന ഈ വരികൾ എഴുതാനായിരിക്കണം 'അമ്പാടിയിലേക്കു വീണ്ടും' എന്ന കവിത എഴുതാൻ ഇടശ്ശേരി തീരുമാനിച്ചിരിക്കുക.

ഈ ആശയ പ്രകാശനത്തിന് സാങ്കല്പികമായ ഒരു രാഗം കവി സ്വന്തമായി സൃഷ്ടിക്കുന്നു.

'കൃഷ്ണപ്പാട്ടിലെ രാസക്രീഡ വായിച്ചുതീർന്നപ്പോൾ താദൃശമായ മറ്റൊരു രംഗം ദുഃഖപര്യവസായിയായേ പറ്റുവെന്നു തോന്നി. അതിന്റെ ഫലമാണ് ഈ കവിത'എന്ന് കവി കവിതയുടെ ആമുഖമായി കുറിച്ചുവെച്ചിട്ടുണ്ട്. കവിതയിലെ പ്രമേയം സാങ്കൽപ്പികമാണെന്ന് ഇതിൽനിന്നുതന്നെ വ്യക്തമാണ്. ശ്രീമദ്ഭാഗവതത്തിലോ മറ്റു കൃഷ്ണകഥകളിലോ ഇത്തരമൊരു സന്ദർഭമില്ല. അക്രൂരന്റെ കൂടെ അമ്പാടിയിൽനിന്നു പോയ കൃഷ്ണൻ പിന്നീട് ഒരിക്കൽപോലും അമ്പാടി സന്ദർശിക്കുന്നില്ല. ഈ പ്രമേയം സാങ്കൽപ്പികമാണെന്ന് കവിതയിൽ ഊന്നൽ കൊടുക്കുന്ന 'സ്വപ്നം', 'സങ്കൽപ്പം', 'നാടകം', എന്നീ പദങ്ങളും സൂചിപ്പിക്കുന്നു. മാത്രമല്ല 'അമ്പാടിയിലേക്കു വീണ്ടും' വരുന്ന രഥത്തിനുള്ളിലിരിക്കുന്ന കൃഷ്ണൻ കവിതയിൽ ഒരിക്കൽ പോലും രംഗപ്രവേശം ചെയ്യുന്നുമില്ല. തന്റെ ആശയങ്ങൾക്കു രൂപം നൽകാൻ ഇടശ്ശേരി മിനഞ്ഞെടുത്ത മനോഹരവും 'അശ്രുത' പൂർവ്വകവുമായ ഒരു നാടകമാണിത്. കവിയുടെ തന്നെ വാക്കുകളിൽ

'ഇവിടെ ഗോപികളശ്രുതപൂർവ്വക
മാമൊരു നാടകമാടട്ടേ,
ഇവിടെ സ്വന്തം സങ്കല്പങ്ങളിൽ
ഞങ്ങടെ ലോകം പണിയട്ടെ.'

എന്നാണ് പ്രാർത്ഥന. 'അശ്രുതം'എന്ന വാക്കിന് വേദവിരുദ്ധം എന്നുകൂടി അർത്ഥമുണ്ടെന്നോർക്കുക.

## 2

'രാസക്രീഡ' പതിനൊന്നു വയസ്സായ ഒരു ബാലനും പ്രൗഢകളായ അസംഖ്യം യുവതികളും ചേർന്ന് നിലാവുള്ള ഒരു രാത്രിയിൽ ആടിയ കാമലീലയല്ലെന്നും, അത് അനേകം ജീവന്മാരും ഏകനായ ഈശ്വരനും കൂടിച്ചേർന്ന് അഭേദാവസ്ഥയെ അനുഭവിക്കുന്ന ജീവേശ്വരൈക്യ സ്വരൂപമായ നിർവ്വികല്പസമാധിയാണെന്നും ശ്രീമദ് ഭാഗവതത്തിന്റെ വാഖ്യാതാക്കാൾ പ്രസ്താവിക്കുന്നു. മനുഷ്യന്റെ അഹംബോധത്തെ മാറ്റുന്നതിന്നാണ് ശരീരാഭിമാനത്തെ ഇല്ലാതാക്കുന്നതിന്നാണ് ഗോപികമാരുടെ ചേലകൾ 'ആ ഗോപികാരമണൻ' അതിനുമുമ്പ് അപഹരിച്ചത്. അതിന്നുവേണ്ടിത്തന്നെയാണ് രാസക്രീഡയ്ക്കു തൊട്ടുമുമ്പ് ഗോപികമാരിൽനിന്ന് സ്വൽപ്പനേരം മറഞ്ഞു നിന്നത്. ഭർത്താവ്, മക്കൾ, സഹോദരന്മാർ, ബന്ധുക്കൾ മുതലായവരെയൊക്കെ ഉപേക്ഷിച്ചാണ് പ്രേമപരവശകളായ ആ ഗോപികകൾ ഭഗവാന്റെ വേണുനാദത്തിലൂടെയുള്ള 'ഉദ്ഗീതം' (അന്തർനാദം) കേട്ട് അദ്ദേഹത്തെ ശരണം പ്രാപിക്കുന്നത്. ഇക്കഥയുടെ വ്യംഗ്യാർത്ഥം മുമ്പ് സൂചിപ്പിച്ച ജീവാത്മ-പരമാത്മ ഐക്യത്തിന്ന് സാധകൻ കഠിനയത്നങ്ങൾ അനുഷ്ഠിക്കണം എന്നു തന്നെയാണ്. ഞാനെന്നഭാവം ഇല്ലാതാക്കലാണ് ഇതിന്റെ കാതൽ. അതുകൊണ്ടു തന്നെയാണ് 'ആ ഗോപികളുടെ പാദരേണുവിനെ ഞാൻ സ്മരിക്കുന്നു' എന്ന് ഉദ്ധവർ ശ്രീമദ് ഭാഗവതത്തിൽ പറയുന്നത്. 'ഹരിനാമകീർത്തനത്തിൽ ഭഗവൽപര്യായങ്ങളുടെ ഉറവിടമായ എഴുത്തച്ഛൻ, ഞാനെന്ന ഭാവം ഇല്ലാതാക്കാൻ പ്രാർത്ഥിക്കുന്നത് ഈ 'ഗോപികാരമണ'നോടാണെന്നുകൂടി ഓർത്താൽ ഇതു വ്യക്തമാകും.

'എല്ലാ ധർമ്മകർമ്മങ്ങളും നിശ്ശേഷം ഉപേക്ഷിച്ച് നിത്യശുദ്ധബദ്ധമുക്തനായ എന്നെ ഒരുവനെ മാത്രം ശരണം പ്രാപിക്കുക; ഞാൻ നിന്നെ സർവ്വ പാപത്തിൽ നിന്നും മോചിപ്പിക്കും. ദുഃഖിക്കേണ്ട'എന്ന് ഭഗവത് ഗീതയിൽ അർജ്ജുനനോട് അരുളിചെയ്ത ഭഗവാന്റെ പ്രതിജ്ഞ തികച്ചും ഗോപികകൾക്ക് അനുഭവപ്പെടുത്തുകയായിരുന്നു. അദ്ദേഹം എന്ന് ശ്രീമദ് ഭാഗവതത്തിലെ രാസക്രീഡാവർണ്ണനത്തിന്റെ മുഖവുരയിൽ പണ്ഡിറ്റ് ശ്രീ ഗോപാലൻ നായർ അഭിപ്രായപ്പെടുന്നു.

അങ്ങിനെ കുടുംബ പ്രാരാബ്ധങ്ങളിൽ നിന്നും ബന്ധുമിത്രാദികളിൽനിന്നും മോചിതനാകുന്ന ജീവാത്മാവിന് പരമാത്മാവിനോടുള്ള ഐക്യം കൊണ്ട് പരമാനന്ദം കൈവരുന്നു എന്നാണ് ഈ കൃഷ്ണകഥകളുടെ ആന്തരാർത്ഥം. ഈ കവിതയിലാകട്ടെ, ഈ ചിന്താപദ്ധതിയെ ചോദ്യം ചെയ്യുകയാണ് ഭക്തനെങ്കിലും അദ്വൈതിയല്ലാത്ത ഇടശ്ശേരി, ദാരുകന്റെ മനോരാജ്യങ്ങളിലും ഗോപികകളുടെ ആവലാതികളിലും ഈ ആശയം ചിപ്പിക്കുള്ളിലെ മുത്തുപോലെ എങ്ങനെ ഒളിപ്പിച്ചുവെച്ചിരിക്കുന്നു എന്ന് നമുക്ക് പരിശോധിക്കാം.

## 3

'പരമാത്മാവിൻ തേരുമായി' അമ്പാടിയിലേക്കു വരുന്ന ദാരുകനാണ് ആദ്യം രംഗപ്രവേശം ചെയ്യുന്നത്. ദാരുകന്റെ മനോവ്യാപാരങ്ങളാണ് കവിതയിലെ ആദ്യഖണ്ഡം.

ഉപനിഷത്തുക്കളിലെ മനോഹരമായ രഥരൂപകൽപ്പനയിൽ ശരീരമാണ് രഥം; ആത്മാവ് തേരിന്റെ ഉടമസ്ഥൻ; കുതിരകളെ നിയന്ത്രിക്കുന്ന കടിഞ്ഞാണാണ് മനസ്സ്; ശബ്ദ, സ്പർശ, രൂപ, രസ, ഗന്ധങ്ങളാൽ ആകർഷിക്കപ്പെടുന്ന വിഷയങ്ങളാണ് കുതിരകളുടെ വഴികൾ. അങ്ങനെയുള്ള തേരിനെ 'സുദീർഘമായ വീഥി'യിലൂടെ 'സുഖിത സ്വപ്നം' പോലെ നയിക്കാനാണ് തേരാളി കുതിരകളോട് ആവശ്യപ്പെടുന്നത്. പായുക പായുക എന്ന് ആവർത്തിക്കുന്നതു കൊണ്ട് കടിഞ്ഞാൺ (മനസ്സ്) അയച്ചിട്ടിരിക്കയാണെന്നു വ്യക്തം. എന്നാൽ കടിഞ്ഞാൺ കൈവിടില്ലെന്നു കവി പിന്നീട് പറയുന്നുമുണ്ട്. അമാനുഷികങ്ങളായ, നിത്യസുഖങ്ങൾ മാത്രമുള്ള കൊട്ടാരത്തിൽനിന്ന് – അതായത് സ്വർഗ്ഗീയാനുഭൂതികളിൽനിന്ന് – ഐഹികതകളുടെ അമ്പാടിയിലേക്കുള്ള യാത്രാനുമതി ദാരുകൻ അനുഗ്രഹമായി കരുതുന്നു. മടുപ്പനായ കൊട്ടാരത്തിൽനിന്ന് 'സ്വന്തം ജീവിത മൂല്യമടർത്തിപ്പന്താടുന്ന ഗോകുലത്തിലേക്കുള്ള മടക്കയാത്രയാണിത്. ജീവിതത്തിൽ മധുരം മാത്രം പോര, കണ്ണീരിന്റെ ഉപ്പും വേണമെന്നാണ് കവിയുടെ പക്ഷം, വിശപ്പുണ്ടാക്കാത്ത ഭക്ഷണം, വിയോഗമില്ലാത്ത പ്രണയം, രക്തം ചിന്താതെ ഒഴിഞ്ഞു കിട്ടുന്ന വിജയം – ഇവയൊക്കെ വിരോധിമാർക്കായി ദാരുകൻ നേരുന്നു. തനിക്കോ? തനിക്കീ രഥയാത്ര മതി. നിമ്നോതങ്ങളിലൂടെയുള്ള ഈ സംസാരജീവിതം. പക്ഷേ ഒന്നു തീർച്ച. രഥം ഏതിരുൾക്കുഴിയിൽ വീണാലും കടിഞ്ഞാൺ (മനസ്സ്) വിടുകയില്ല. ഇവിടെ 'ഇരുൾക്കുഴി' എന്ന പദവും 'രശ്മി' എന്ന പദത്തിന്റെ ദ്വയാർത്ഥങ്ങളും (രശ്മി – കിരണം – കടിഞ്ഞാൺ) കവിതയെ കസവണിയിക്കുന്നുണ്ട്. ഇനിയുമുണ്ട് തനിക്ക് രസപ്രദങ്ങളായ കാര്യങ്ങൾ. 'അത്യാസന്നോദയ'ങ്ങ

ളായ വികാരങ്ങളുടെ കലങ്ങിമറിയൽ – ഹൃദയത്തിന്റെ അഗാധതകളിലെ ചുഴികളിൽനിന്ന് മഥനം ചെയ്ത് പൊങ്ങിവരുന്ന 'സൗന്ദര്യ പ്രതിഭാസങ്ങൾ' – നിർവ്വികാരതയോ, നിസ്സംഗതയോ അല്ല എന്ന് കവി ഇവിടെ വ്യക്തമാക്കുന്നു. ശ്രദ്ധിക്കുക – 'നരകവാരിധിയിൽ' 'നരനായിങ്ങനെ' ജനിച്ചു പോയതിൽ കവി വിലപിക്കുന്നില്ല. സംസാരം ഈ കവിക്ക് സാഗരമല്ല. സുദീർഘമായ, നിമ്നോന്നതങ്ങൾ നിറഞ്ഞ രഥപഥം മാത്രമാണ്.

ദാരുകൻ കാണുന്ന ഗോകുലമാണ് രണ്ടാമത്തെ ദൃശ്യം. അവിടെ രാജധാനിയിലേക്ക് പാലും തൈരും കൊണ്ടു പോകുന്ന ഗോപന്മാരെ കാണുന്നു. ('ഗോരസം' എന്ന പദമാണ് ഇടശ്ശേരി തിരഞ്ഞെടുക്കുന്നത്. 'ഗോരസം' എന്ന വാക്കിന് 'നയനഭംഗി', 'ഇന്ദ്രിയസുഖം', എന്നീ അർത്ഥങ്ങളുമുണ്ടെന്നോർക്കുമ്പോൾ പദപ്രയോഗങ്ങളിൽ ഇടശ്ശേരി കാണിക്കുന്ന ശുഷ്കാന്തിയുടെ ചാരുത നമ്മെ അത്ഭുതപ്പെടുത്തും.) അവർ മുഷിഞ്ഞതും, അയഞ്ഞതുമായ ഉടുപ്പുകൾ ധരിച്ചിരിക്കുന്നത് വെറുതെയല്ല; 'ആനായർ കുലനിക്ഷേപത്തെ ഗോപനം' ചെയ്യുന്നതിനത്രെ. ആ നിക്ഷേപമോ, ദാരുകന്റെ തേരിലിരിക്കുന്ന പരമാത്മാവുതന്നെ. യാതൊരുവന്റെ 'ഭ്രൂകുടിവിക്ഷേപം' ഈ പ്രപഞ്ചകഥയുടെ സംക്ഷേപമാകുന്നുവോ, ആനിക്ഷേപത്തിന്റെ ഉടമകൾ ഈ ഇടയച്ചെറുക്കന്മാരാണെന്ന് അറിയുമ്പോൾ ദാരുകൻ അത്ഭുതസ്തബ്ധനാകുന്നു, അലസുഖസമ്പന്നതകളിൽ മുഴുകുന്ന നഗരവാസികളല്ല, ഗോകുലത്തിലെ അദ്ധ്വാനശീലരായ ഗ്രാമീണരാണ് പരംപൊരുളിന്റെ അവകാശികൾ എന്ന് കവി ഇവിടെ സൂചിപ്പിക്കുന്നു.

അടുത്തത്, വൃന്ദാവനത്തിലെ ചേതോഹരങ്ങളായ കാഴ്ചകളാണ്. കളിയാടുന്ന ബാലകന്മാർ, മേഞ്ഞുപുളച്ചോടുന്ന കാലികൾ, നീലക്കാർവർണ്ണനിൽനിന്ന് നീലിമ നേടിയ പുൽത്തകിടുകൾ, കുളിർകോരുന്ന മെയ്യാൽ കൃഷ്ണവിമലസ്മരണ നില നിർത്തുന്ന കറുകപ്പുൽ കൂമ്പുകൾ, അതിരറ്റ സൗരഭ്യമുള്ള വൃന്ദാവനമടുമലരുകൾ – ദാരുകൻ ആഹ്ലാദഭരിതനായി കുതിരകളോട് വീണ്ടും പായുവാൻ നിർദ്ദേശിക്കുന്നു. (ഈ ഭാഗത്ത് കവിതയിൽ വരുന്ന മാറ്റം ശ്രദ്ധേയമാണ്. ഇവിടെ 'സുദീർഘവീഥി' 'പുരുസുഖ'– വർദ്ധിച്ച സുഖങ്ങളുള്ള – വീഥിയാകുന്നു. 'സുഖിത സ്വപ്നം' 'പുഷ്യൽ സ്വപ്ന'മാകുന്നു. 'പുഷ്യം' എന്നാൽ സകല ആഗ്രഹങ്ങളെയും പ്രദാനം ചെയ്യുന്നത് എന്നർത്ഥം.)

നോക്കുക – കുതിരകൾ (ഇന്ദ്രിയങ്ങൾ) രഥത്തെ (ശരീരത്തെ) നയിക്കുന്ന വഴികൾ! അകലെ നിന്നു വരുന്ന മാട്ടുവണ്ടികളുടെയും, കളിയാടുന്ന കുട്ടികളുടെയും 'ശബ്ദം'– കാലികളുടെയും നീലിമ പൂണ്ട പുൽത്തകിടികളുടെയും 'രൂപം' പാലിന്റെയും തൈരിന്റെയും 'രസം' 'കറുകപ്പുൽക്കൂമ്പുകളുടെ സ്പർശം' പൂക്കളുടെ 'ഗന്ധം' – ഇവയൊക്കെ നിറഞ്ഞതാണ് ആ വഴികൾ, ദാരുകന്റെ നിമ്നോന്നത പഥങ്ങളിലെ പുരുസുഖങ്ങൾ, ഇവിടെ പഞ്ചേന്ദ്രിയങ്ങളാൽ മനുഷ്യൻ അനുഭവിക്കുന്ന അനുഭൂതികളാണ് കവി ഒരു ചിത്രം പോലെ വരച്ചുകാണിക്കുന്നത്. കവിതയിൽ പ്രയോഗിച്ചിട്ടുള്ള 'പ്രപഞ്ചകഥ', 'ഗോരസം', 'കാണും ശാദ്വലമേ', 'കുളിർ കോരുന്ന മെയ്യ്' 'സൗരഭം'എന്നീ പദങ്ങൾ ഈ അർത്ഥ കല്പനയിലേക്കു തന്നെയാണ് വിരൽ ചൂണ്ടുന്നത്.

വൃന്ദാവനത്തിലെ തേൻ നിറഞ്ഞ പൂക്കളോട് ദാരുകൻ പറയുന്നു. 'ഇതാ വരുന്നു എന്റെ രഥത്തിൽ തീരാദാഹത്തോടൊരു കരിവണ്ട്.' ഇവിടെ കരിവണ്ട് എന്ന പ്രയോഗം ശ്രീമദ് ഭാഗവതത്തിലെ 'ഭ്രമരഗീത'ത്തെ അനുസ്മരിപ്പിക്കുന്നു. ഭാഗവതകഥയിൽ കൃഷ്ണദൂതുമായി അമ്പാടിയിലേക്കു വരുന്നത് ഉദ്ധവനാണ്. ഉദ്ധവനും ഗോപികമാരും കണ്ടുമുട്ടുന്ന സമയത്ത് അവർക്കിടയിൽ വന്നു ചേരുന്ന വണ്ടിനോടെന്നപോലെ ഗോപികകൾ ഉദ്ധവനോട് ആവലാതികൾ പറയുന്ന സന്ദർഭമാണ് 'ഭ്രമരഗീതം' 'മധുപകിതവബന്ധോ' എന്നു തുടങ്ങുന്ന സുപ്രസിദ്ധമായ ഈ ഭാഗത്തിൽ ഗോപസ്ത്രീ വദനാരവിന്ദങ്ങളിൽനിന്ന് ഒരിക്കൽ തേൻകുടിച്ചശേഷം പിരിഞ്ഞുപോയ കൃഷ്ണനെ ആ വണ്ടിനോടാണ് സാമ്യപ്പെടുത്തുന്നത്.

പിന്നീട് ദാരുകൻ നേരിടുന്നത് കാളിന്ദിയിൽ നീരാടാൻ പോകുന്ന ഗോപപ്പെണ്ണുങ്ങളെയാണ്. ഇവരുടെ വാക്കുകളിലാണ് കവി മറഞ്ഞിരിക്കുന്നത്. ഇവിടെയെത്തുമ്പോൾ രഥം പെട്ടെന്ന് നിന്നുപോകുന്നു. നിർത്തിയ രഥം കണ്ട് ഗോപികമാർ അത്ഭുതപ്പെടുന്നു. 'അമ്മയെ കാണാൻ പോകുന്ന ചിരപ്രതീക്ഷിതനായ ഈ ദേവനെ നീയെന്തിനു വെറുതേ താമസിപ്പിക്കുന്നു? ഇദ്ദേഹം ഞങ്ങളെ അറിയില്ലല്ലോ' എന്ന് അവർ ദാരുകനോട് ചോദിക്കുന്നു. ഇവിടെ ഗോപസ്ത്രീകൾ ദാരുകനെ ചോദ്യം ചെയ്യുകയല്ല, സ്വയം ചോദിക്കുകയാണ്. അവരുടെ മനസ്സിലേക്ക് നോക്കുക. ഞങ്ങളുടെ ദേഹാഭിമാനമാകുന്ന ചേലകൾ മാറ്റി ഈ ദേവൻ ഒട്ടിട ഞങ്ങളെ ഭർത്തൃപുത്രപിതൃബന്ധത്തിൽ നിന്ന് മുക്തരാക്കുകയുണ്ടായി. മർത്ത്യതയിൽനിന്ന് അമർത്ത്യതയിലേക്കു ഉയർത്തുകയും ചെയ്തു. ആ ദേവൻ ഇപ്പോൾ ഞങ്ങളെ അറിയാൻ സാദ്ധ്യതയില്ല. കാരണം അന്നു ഞങ്ങൾ അമ്മമാരോ, സഹോദരിമാരോ, ഭാര്യമാരോ ആയിരുന്നില്ല. കുടുംബബന്ധങ്ങളിൽനിന്നു മുക്തരായി കാനനകേളീലോലകളായി നടക്കുകയായിരുന്നു. എന്നാൽ ഇപ്പോഴോ? ഇപ്പോൾ

ഞങ്ങൾ സചേലകളത്രെ. രാവിൻ ഛായകളും, കാളിന്ദീജലകാളിമയും, കാട്ടിൻ പച്ചപ്പുമാണ് ഞങ്ങൾക്ക് അഭിമതങ്ങളായ ചേലകൾ. ഈ ചേലകളണിഞ്ഞ ഞങ്ങളെ – ലൗകിക ജീവിതത്തിലെ നിമ്നോന്നതങ്ങളായ വഴികളിലൂടെ ഇന്ദ്രിയ സുഖദുഃഖങ്ങളുമായി യാത്ര ചെയ്യുന്ന ഈ ഞങ്ങളെ ആ പരമാത്മാവ് അറിയാനിടയില്ല. അവർ വീണ്ടും ചോദിക്കുന്നു. അന്തപുരത്തെ (മനസ്സിന്റെ ഉള്ളിനെ എന്നും അർത്ഥം) ലക്ഷ്യമാക്കുന്ന ഈ ദേവന്റെ രാജരഥം, ഹേ ദാരുക, നീയെന്തിന് ഈ ഐഹികതകളുടെ അമ്പാടിയിലേക്കു കൊണ്ടുവന്നു? നീ ശിക്ഷാർഹൻ തന്നെ.'

ഇവിടെ പ്രയോഗിച്ച കാവ്യബിംബങ്ങൾ ശ്രദ്ധിക്കുക. കവിതയെ അർത്ഥപൂർണ്ണമാക്കുന്ന ഇത്തരം കാവ്യബിംബ പ്രയോഗങ്ങളിലാണ് ഇടശ്ശേരിക്കവിത തനിമയാർജ്ജിക്കുന്നത്. അഭിമത ചേലകളായി സ്വീകരിച്ചിരിക്കുന്ന കൃഷ്ണവർണ്ണസ്മരണ നിലനിർത്തുന്ന ഈ ബിംബങ്ങൾ – 'രാവിൻ ഛായകൾ', 'കാളിന്ദീജലകാളിമ', 'കാട്ടിൻ പച്ചപ്പ്'– ദൈവദത്തമായ പ്രകൃതിയിലെ അനുഭവങ്ങൾ തന്നെ. (പഞ്ചേന്ദ്രിയ സുഖദുഃഖങ്ങൾ ദൈവദത്തമാണെന്ന് 'പൂജാപുഷ്പം' 'എന്ന കവിതയിലും ഇടശ്ശേരി പ്രസ്താവിക്കുന്നുണ്ട്) അത് സുഖത്തെയും ദുഃഖത്തെയും പ്രദാനം ചെയ്യുന്നു. രണ്ടിനേയും ഒരുപോലെ സ്വീകരിക്കുന്ന ഈ പ്രാപഞ്ചികജീവിതം തന്നെയാണ് കവിക്കഭിമതം. ഇന്ദ്രിയസുഖദുഃഖങ്ങളിലേക്ക് രഥംനയിക്കുന്ന തേരാളി (ബുദ്ധി) വേദജ്ഞരുടെ അഭിപ്രായത്തിൽ ശിക്ഷാർഹനായേക്കാമെന്ന് കവി വിവക്ഷിക്കുന്നു. എന്നാൽ അടുത്തവരികൾ നോക്കുക:

'ദേവനെയും വിട്ടോടുകയാണോ
തേരേ നീ നിലനിന്നാലും
ഗോപികാഹൃദയാന്തർവേദിയി–
ലക്രൂരന്റെ രഥംപോലെ!'

ശരീരം അതിന്റെ ഉടമസ്ഥനായ ആത്മാവിനെ വിട്ട് ഓടുകയാണോ എന്ന് കവി ശങ്കിക്കുന്നു. പക്ഷേ ഗോപികാഹൃദയാന്തർവേദിയിൽനിന്ന രഥംപോലെ നിലനില്ക്കാനാണ് രഥത്തിനോട് പറയുന്നത്. (സൂര്യോദയത്തിൽ കൃഷ്ണനുമായി അമ്പാടിയിൽ നിന്നു പുറപ്പെട്ട അക്രൂരരഥം വായുവേഗത്തിൽ പോയെങ്കിലും ഉച്ചയായിട്ടും കാളിന്ദീ വരെ മാത്രമേ എത്തുന്നുള്ളൂ. ഇത് ഗോപികളെ സമാധാനിപ്പിക്കാൻ വേണ്ടി അക്രൂരരഥം നിർത്തേണ്ടി വന്നതുകൊണ്ടാണ് എന്ന് ഭാഗവത വിഖ്യാതാവായ പണ്ഡിറ്റ് ശ്രീ. പി. ഗോപാലൻ നായർ അഭിപ്രായപ്പെടുന്നു.

ഇതിനുശേഷമാണ് 'ധർമ്മശാസ്ത്രകുറിമാനം'തെല്ലിട നിർത്ത്'ാൻ കവി മഹർഷിമാരോട് അപേക്ഷിക്കുന്നത്. 'പ്രപഞ്ചധർമ്മം മറ്റൊന്നാക്കുവിൻ' എന്ന് ഈശ്വരന്മാരോട് പ്രാർത്ഥിക്കുന്നതും. എന്നിട്ടോ അവരോട് സമ്മതം ചോദിച്ചുകൊണ്ട് കവിയും ഗോപികയും പാടുന്നു. ഇവിടെ ഗോപികകൾ 'അശ്രുതപൂർവ്വക'മായ ഒരു നാടകമാടട്ടെ. (ഇത് മുമ്പ് കേൾക്കാത്തതും വേദവിരുദ്ധവും ആയേക്കാം.) ഇവിടെ ഞങ്ങളുടേതായ സങ്കല്പ ലോകം പണിയട്ടെ. ഞങ്ങൾക്ക് അമാനുഷികത്വം വേണ്ട – മോക്ഷം വേണ്ട – ഞങ്ങൾക്കൊന്നു മാത്രം മതി കൃഷ്ണാ – നീ മുന്നേപ്പോലെ ഈ കാളിന്ദീതടവിടപത്തിൽ (വിടപം = വൃക്ഷശാഖ. വിടന്മാർ ഇരിക്കുന്ന സ്ഥലം എന്നും അർത്ഥം. (വിടൻ=സ്ത്രീകളെ പ്രാപിക്കുകയും അനുഭവിച്ചു കഴിഞ്ഞാൽ വെടിഞ്ഞുപോവുകയും ചെയ്യുന്ന വിഷയലമ്പടൻ.) പ്രഭാതകിരണപ്പൂക്കൾ വിരിഞ്ഞ ഈ കൊമ്പിലിരുന്ന്, പുരികക്കൊടികളാൽ താളമിട്ട് നിന്റെ വേണുഗാനം ഞങ്ങളെ കേൾപ്പിച്ചാൽ മതി. ചേലകൾ മാത്രമല്ല ഞങ്ങളുടെ ചേതനതന്നെ വാരിയെടുത്തുകൊള്ളുക; മധുരമായി പുഞ്ചിരിച്ചുകൊണ്ട് അവ നിന്റെ ചുറ്റും തൂക്കിക്കൊള്ളുക. ഞങ്ങൾ ദേഹാഭിമാനമുള്ളവരായതുകൊണ്ട് വ്രീളാവിവശരാകും – ഞങ്ങൾ മിഴിയും പൂട്ടി കിടക്കുമ്പോൾ, ഹേ കാരുണ്യാത്മൻ, നിന്റെ ആ ഓടക്കുഴൽ വിളിയാൽ നീ ഞങ്ങളെ മൂടുക. ഇതുമാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന. നിരുദ്ധകണ്ഠമായി കവിത ഇവിടെ അവസാനിക്കുന്നു.

ഈ സാങ്കല്പികരംഗം 'അശ്രുതപൂർവ്വകം' തന്നെയാണ്, വേദോപനിഷത്തുക്കളിലെ ഈശ്വര, ബ്രഹ്മസങ്കല്പങ്ങൾക്ക് ഇതൊരു പക്ഷേ നിരക്കാത്തതായിരിക്കാം. എങ്കിലും ഇത് നിരീശ്വര വാദിയുടെ കവിതയല്ല. പ്രാപഞ്ചിക ജീവിതത്തിലെ സുഖദുഃഖങ്ങൾ അനുഭവിക്കുമ്പോഴും ഈശ്വരസാമീപ്യത്തിന്നും, കാരുണ്യത്തിന്നും വേണ്ടി കൊതിക്കുന്ന സാധാരണക്കാരന്റെ ഭക്തിനിർഭരമായ കവിതയാണ്.

ലൗകിക സാധാരണങ്ങളായി സുഖദുഃഖങ്ങളുടെ ഭാണ്ഡവും ചുമന്ന് നടക്കുന്ന മനുഷ്യന്ന് ഈ ഭാണ്ഡം ഉപേക്ഷിക്കൽ അത്ര സുകരമല്ല. വല്ലപ്പോഴും ഒന്നിറക്കി വെച്ചാൽ അത്രയും ആശ്വാസം എന്നേ കരുതേണ്ടതുള്ളൂ. അത്തരം ആശ്വാസത്തിന്റെ വേണുഗാന പ്രവാഹത്തിൽ മനസ്സു കുളിർപ്പിക്കാനാണ് ഗോപികമാരും കവിയും പ്രാർത്ഥിക്കുന്നത്.

## 4

സുഖങ്ങൾ അനുഭവിക്കുന്ന പഞ്ചഭൂതാത്മകമായ ശരീരവും, പഞ്ചേന്ദ്രിയങ്ങളും തന്നെയാണ് ദുഃഖത്തെയും പ്രദാനം ചെയ്യുന്നത് എന്ന് ഇടശ്ശേരി വിശ്വസിച്ചിരുന്നതിന്റെ തെളിവാണ് 'പൂജാപുഷ്പം' എന്ന ദുഃഖപൂരിതമെങ്കിലും വാചാലമല്ലാത്ത വിലാപകവിത. ഇതിൽ ക്രൂരതയ്ക്ക് കൃതജ്ഞതാപൂർവ്വം കവി അർപ്പിക്കുന്ന പൂജാപുഷ്പമാണ് 'ദയാമയൻ' എന്ന വിശേഷണം.

'ദൈവത്തെക്കൊണ്ടു പാവിട്ടും
മർത്ത്യനൂടായുമങ്ങിനെ
നെയ്തുവെച്ചൊരു സാമൂഹ്യ
ജീവിതം ചിരസുന്ദരം'

എന്ന് 'വരദാന'ത്തിലും

'വേർപിരിയാതേവേണമനുത്തമ
ജീവിതനാടകമാടീടാൻ'

എന്ന് 'ഗോപികാ ഗോവിന്ദ'ത്തിലും ഈ കവി പാടുന്നുണ്ട്. എന്നാൽ വേദാന്തത്തിന്റെ അടിവേരുകൾ

തേടിപ്പോകാൻ ഈ കവി കൂട്ടാക്കുന്നില്ല.

'കടവേരുകിളയ്ക്കട്ടെ
കഷായത്തിന്നു യോഗികൾ;
നീലക്കരിമ്പേ നിൻ തണ്ടാ-
ണരോഗനിവനുത്തമം'

എന്നാണ് 'ഉണ്ണികൃഷ്ണനോട്' എന്ന കവിതയിൽ കവിക്കു പറയാനുള്ളത്. ഈശ്വരചൈതന്യം പ്രപഞ്ചത്തിലെ കാണപ്പെടുകയും, കേൾക്കപ്പെടുകയും ചെയ്യുന്ന വസ്തുതകളിൽ പ്രതിഫലിക്കുമ്പോൾ ഈശ്വരൻ അദൃശ്യനായാലെന്ത് എന്നും ഇടശ്ശേരി ഈ കവിതയിൽ ചോദിക്കുന്നു.

ഇങ്ങനെ നിരവധി കവിതകളിൽ ഇടശ്ശേരിയുടെ ആദ്ധ്യാത്മിക ബോധത്തിന്റെ നിഴലാട്ടങ്ങളുണ്ടെങ്കിലും, അദ്ദേഹത്തിന്റെ ജീവിതവീക്ഷണത്തിന്റെ ശരിയായ പ്രതിഫലനം 'അമ്പാടിയിലേക്ക് വീണ്ടും' എന്ന കവിതയിലാണ്. സുഖദുഃഖ സമ്മിശ്രമായ ജീവിതത്തിൽ സുഖം മാത്രം ലക്ഷ്യമാക്കുന്നവർക്കുള്ള ഒരുപദേശം കൂടിയാണ് ഈ കവിത. ഇവിടെ സുഖമെന്ന പദത്തിന്ന് വ്യാവഹാരികതലത്തിലും, ആദ്ധ്യാത്മികതലത്തിലും പ്രസക്തിയുണ്ട്. സുഖപ്രാപ്തിയും ദുഃഖനിവൃത്തിയുമാണല്ലോ മനുഷ്യൻ എപ്പോഴും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. പ്രാപഞ്ചിക ജീവിതത്തിൽ സുഖമാണെന്ന് നാം വിശ്വസിക്കുന്ന അനുഭവങ്ങൾ - സ്നേഹം പോലും - ദുഃഖകാരണമായി മാറുന്നു. അതുകൊണ്ടാണ് ഐഹികജീവിതത്തിലെ ക്ഷണികങ്ങളായ ഐന്ദ്രിയ സുഖങ്ങളെ വെടിഞ്ഞ് പരമാനന്ദാനുഭൂതിക്കുവേണ്ടി നിസ്സംഗമായ ജീവിതം നയിക്കുവാൻ ആത്മീയവാദികൾ ആവശ്യപ്പെടുന്നത്. ശരിയായ വഴി ഇതിനു രണ്ടിനുമിടയിലാണെന്നാണ് ഇടശ്ശേരിയുടെ പക്ഷം. ഐഹികതകളുടെ നടുവിൽ ഐന്ദ്രിയ സുഖങ്ങൾക്കു പിറകേ പായുമ്പോഴും കടിഞ്ഞാൺ കൈ വിടാതിരുന്നാൽ മതി. വഴികൾ നിമ്നോന്നതങ്ങളായിക്കൊള്ളട്ടെ; രഥം ഏതിരുൾക്കുഴിമേലും ഉരുളട്ടെ; കർമ്മനിരതമായ ജീവിതത്തിന്റെ ലക്ഷ്യം തെറ്റാതിരിക്കാൻ മനസ്സാകുന്ന കടിഞ്ഞാൺ കൈവിടാതിരിക്കുക. ഇതേ കവിക്കു പറയാനുള്ളൂ.

അദ്വൈതികളെ വാക്ർക്കത്തിൽ തോല്പിക്കാൻ വിഷമമുണ്ടാകാം. എന്നാൽ നിമ്നോന്നതങ്ങളായ വഴികളിലൂടെ കടിഞ്ഞാൺ കൈവിടാതെ തേരോടിക്കുന്ന, 'അത്യാസന്നോദയ വികാരവിപ്ലവങ്ങൾ ഇഷ്ടപ്പെടുകയും, 'അഗാധഹൃദയഹ്രദമഥനോത്ഥിത സൗന്ദര്യപ്രതിഭാസ'ങ്ങൾ രസിക്കുകയും ചെയ്യുന്ന ഈ സചേലകളുടെ സംഗീതം ഏതീശ്വരനാണ് ഇഷ്ടപ്പെടാതിരിക്കുക?

- സുകൃതം മാസിക